(ഡി) ഇപ്പോൾ നിലവിലുള്ള സംഭരണ-വിതരണ സംവിധാനം മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷന് ഓപ്പൺ മാർക്കറ്റിലെ വിലവർദ്ധനവിനെ ഫലപ്രദമായി പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ട് എന്നതിനാൽ ഈ സംവിധാനത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല.

സിവിൽ സപ്ലൈസ് ആഫീസുകളിലെ ക്രമക്കേടുകൾ

37 [4776] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആഫീസുകളെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം താലൂക്ക് സപ്ലൈ ആഫീസിനെക്കുറിച്ചോ ആഫീസറുടെ പ്രവർത്തനത്തെ സംബന്ധിച്ചോ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 101 ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്. അവയിൽ ഒരു ഉദ്യോഗസ്ഥനെതിരെ ക്രമക്കേടുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 9 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോട്ടയം	:	3
ഇടുക്കി	:	5
കോഴിക്കോട്	:	1

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആഫീസുകളെ സംബന്ധിച്ചുള്ള പരാതിയിൻമേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(ഡി) തിരുവനന്തപുരം താലൂക്ക് സപ്ലൈ ആഫീസിനെക്കുറിച്ചും ആഫീസറുടെ പ്രവർത്തനത്തെ സംബന്ധിച്ചും പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

സാംസ്കാരിക സംഘടനകൾക്ക് ഗ്രാന്റ് നൽകുന്നതിന്റെ മാനദണ്ഡം

38 [4777] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly